മണലൂർ, കാരമുക്ക് ഗ്രാവിറ്റി മെയിൻ സ്ഥാപിക്കാൻ 541 ലക്ഷം രൂപ അടങ്കൽ തുക വരുന്ന പദ്ധതിക്ക് ഭരണാനുമതി നൽകിക്കഴിഞ്ഞു. വെങ്കിടങ്ങ് പഞ്ചായത്തിലെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിലേക്കായി ടെക്നോളജി മിഷൻ സ്കീമിലുൾപ്പെടുത്തി ഒരു പദ്ധതി നടപ്പിലാക്കിവരുന്നു. മണലൂർ-കാരമുക്ക് ഗ്രാവിറ്റി മെയിൻ സ്ഥാപിക്കൽ പൂർത്തീകരണത്തോടുകൂടി വെങ്കിടങ്ങ് പഞ്ചായത്തിലും പൂർണ്ണതോതിൽ കുടിവെള്ളം എത്തിക്കാൻ സാധിക്കുന്നതാണ്.

അന്തിക്കാട് പഞ്ചായത്തിൽ നിലവിൽ കാരളം, പടിയൂർ, പാലൂർ, താന്നിയം, അന്തിക്കാട് എന്നീ പഞ്ചായത്തുകൾക്ക് വേണ്ടിയുള്ള പദ്ധതിയുടെ പാഴൂരിലുള്ള ശുദ്ധീകരണശാലയിൽ നിന്നുള്ള കുടിവെള്ളമാണ് വിതരണം ചെയ്യുന്നത്. പൈപ്പ് ലൈനുകളിലെ കേടുപാടുകൾ നിമിത്തം അന്തിക്കാട് പഞ്ചായത്തിലെ ജലവിതരണത്തിൽ കുറവ് വന്നിട്ടുണ്ട്. ഫണ്ടിന്റെ ലഭ്യത അനുസരിച്ച് കേടായ പൈപ്പുകൾ മാറ്റി സ്ഥാപിക്കാനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

(സി) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്ന് അത്തരം നിർദ്ദേശങ്ങൾ ലഭിക്കുകയാണെങ്കിൽ അക്കാര്യം പരിശോധിക്കുന്നതാണ്.

വടകര മണ്ഡലത്തിലെ കുടിവെള്ള പ്രശ്നം

136 (586) ശ്രീ. എം. കെ. പ്രേംനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ;

(എ) വടകര മണ്ഡലത്തിലെ വടകര മുനിസിപ്പാലിറ്റിയിൽ പാക്കയിൽ പ്രദേശത്ത് അനുഭവപ്പെടുന്ന രൂക്ഷമായ കുടിവെള്ള പ്രശ്നം പരിഹരിക്കുന്നതിന് എം.എൽ.എ.-മാരുടെ ഒരു കോടി വികസന ഫണ്ടിൽനിന്ന് 60 ലക്ഷം രൂപ നീക്കിവെച്ച് സ്ഥലം എം.എൽ.എ. വകുപ്പിന് കത്ത് നൽകിയെങ്കിലും വാട്ടർ റിസോഴ്സ് ഡിപ്പാർട്ട്മെന്റിന്റെ അനാസ്ഥ കാരണം ഫണ്ട് യഥാവിധി വിനിയോഗിക്കുവാൻ സാധിക്കാതെപോയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇത് സംബന്ധിച്ച് വാട്ടർ അതോറിറ്റി എം.ഡി.-ക്ക് സ്ഥലം എം.എൽ.എ. നൽകിയ പരാതിയിൽ എന്തുനടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) വടകര മണ്ഡലത്തിലെ പാക്കയിൽ പ്രദേശത്തെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനായി 60 ലക്ഷം രൂപ അടങ്കൽ തുകയുള്ള പദ്ധതി നിർദ്ദേശം 'ഒരു നിയമസഭാ മണ്ഡലത്തിൽ 2 കോടി രൂപയുടെ പദ്ധതി'യിൽ ഉൾപ്പെടുത്തി നടപ്പാക്കണമെന്ന നിർദ്ദേശത്തിന്മേൽ ധനകാര്യ വകുപ്പിന്റെ ഉപദേശപ്രകാരം വാട്ടർ അതോറിറ്റിയുടെ റെഗുലർ സ്കീമിൽ ഉൾപ്പെടുത്തി നടപ്പാക്കാൻ മാനേജിംഗ് ഡയറക്ടർക്ക് നിർദ്ദേശം നൽകുകയുണ്ടായി. എന്നാൽ റെഗുലർ സ്കീമിലെ ഫണ്ടിന്റെ അപര്യാപ്തത അറിയിച്ചതുകാരണം പ്രസ്തുത നിർദ്ദേശം വീണ്ടും ധനകാര്യ വകുപ്പിന്റെ പരിഗണനക്ക് സമർപ്പിക്കുകയും പദ്ധതിയുടെ നിലവിലെ സ്ഥിതി സംബന്ധിച്ച വിശദീകരണം കണക്കിലെടുത്ത് പദ്ധതി പരിഗണിക്കേണ്ടതില്ലെന്ന് അറിയിക്കുകയുമുണ്ടായി.

(ബി) ഇത് സംബന്ധിച്ച് 6-1-2011-ൽ മാനേജിംഗ് ഡയറക്ടർ ലഭ്യമാക്കിയ നിർദ്ദേശം ഇപ്പോൾ പരിശോധനയിലാണ്.

LIBRARY ARCHIVES Kerala Legislative Assembly